പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ4031 | 19.03.2018 ൽ മറുപടി പറയേണ്ടിയിരുന്നത്.

## റീജിയണൽ കോംപ്രിഹെൻസീവ് പദ്ധതി

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീമതി.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ് പദ്ധതി (ആർ.സി.ഇ.പി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടില്ല, ഘാന, ഐവറികോസ്റ്റ്, ടാൻസാനിയ, മൊസാംബിക്ക്, ഗിനി-ബിസ്സാവു എന്നിവ ഉൾപ്പെടെയുള്ള വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നാണ് കേരള കാഷ്യൂ ബോർഡ് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നത്. ടാൻസാനിയ റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്നർഷിപ് പദ്ധതിയിൽ ഉൾപ്പെട്ട ഒരു രാജ്യമാണ്. |
| (ബി) | തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം അഞ്ച് ശതമാനത്തിൽ നിന്നും 2.5 ശതമാനമായി കേന്ദ്രസർക്കാർ കുറച്ചത് കശുവണ്ടി വ്യവസായത്തിന് എത്രമാത്രം സഹായകമാകം എന്ന് വ്യക്തമാക്കാമോ? | (ബി) | കേരള കാഷ്യൂ ബോർഡും മറ്റ് സ്വകാര്യ സ്ഥാപനങ്ങളും വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമാണ് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്കരണം നടത്തുന്നത്. പ്രസ്തുത സാഹചര്യത്തിൽ തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം അഞ്ച് ശതമാനമാനത്തിൽ നിന്നും 2.5 ശതമാനമായി കുറച്ചത് തോട്ടണ്ടിയ്ക്ക് നൽകുന്ന മൊത്തം ചിലവ് കുറയ്ക്കാൻ സാദ്ധ്യമായിട്ടുണ്ട്. എന്നിരുന്നാലും ഇറക്കുമതി ചുങ്കം പൂർണമായി എടുത്ത് കളഞ്ഞ് പരിപ്പിന്റെ Export incentive പുനഃസ്ഥാപിച്ചാലെ കശുവണ്ടി വ്യവസായത്തിന് ഒരു പരിധിവരെ സഹായകമാകുകയുള്ളൂ. |
| (സി) | പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനും കാപക്സിന്റെയും കാഷ്യൂ ഡ വലപ്മെന്റ് കോർപ്പറേഷന്റെയും അധീനതയിലുള്ള ഫാക്ടറികളിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാഷ്യൂ ബോർഡിൻറെ രൂപീകരണം എത്രമാത്രം സഹായകമായെ | (ഡി) | കേരളത്തിലെ കശുവണ്ടി വ്യവസായം പ്രധാനമായും ഇറക്കുമതി തോട്ടണ്ടിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ, സ്വകാര്യ കശുവണ്ടി ഫാക്ടറികൾ എന്നിവ തുടർച്ചയായി പ്രവർത്തിപ്പിക്കുവാനാവശ്യമായ തോട്ടണ്ടി ഇടനിലക്കാരില്ലാതെ വിദേശത്തു നിന്ന് |

ന്ന് വ്യക്തമാക്കാമോ?

സംഭരിച്ച് നൽകുക എന്ന ഉദ്ദേശത്തോടെയാണ് കേരള സർക്കാർ കേരള കാഷ്യു ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ചത്. കാഷ്യു ബോർഡ് രൂപീകരിച്ചതു മുതൽ ഇറക്കുമതി ചെയ്ത് നൽകിയ തോട്ടണ്ടിയുടെ വിശദവിവരങ്ങളും ഇതുവഴി കാപ്പക്സിനും, കാഷ്യു കോർപ്പറേഷനും ലഭ്യമായ തൊഴിൽ ദിനങ്ങളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിൽ ദിനങ്ങൾ | | ഇറക്കുമതി | |
|---|---|---|---|---|
| | കെ.എസ്.സി.ഡി.സി | കാപ്പക്സ് | കെ.എസ്.സി.ഡി.സി | കാപ്പക്സ് |
| 2018-19 | 110 | 190 | 3856.200 MT | 1275.972 MT |
| 2019-20 | 131 | 206 | 10315.840 MT | 4749.709 MT |
| 2020-21 | 89 | 142 | 5161.360 MT | 3654.162 MT |
| 2021-22 | 96 | 179 | 7965.537 MT | 3916.777 MT |
| 2022-23 | 76 | 93 | 6486.983 MT | 2792.752 MT |
| 2023-24 | 111 | 146 | 8556.977 MT | 3543.440 MT (08.02.2024 വരെ) |

കേരളാ കാഷ്യു ബോർഡ് നിലവിൽ വന്നതിന് ശേഷം മേൽ പ്രകാരം തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വിതരണം ചെയ്തത് വഴി ഈ മേഖലയിലെ തൊഴിലാളികൾക്ക് പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് കാഷ്യു ബോർഡ് മുഖാന്തിരം ഇതുവരെയായും തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ